ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്യൂപോണ്ട്, കെർമെക്ഗി, ക്രിസ്റ്റൻ, മില്ലെനിയം തുടങ്ങിയ വിദേശ കമ്പനികളുടെ ഉല്പന്നങ്ങളോട് കിടപിടിക്കത്തക്ക ഗുണനിലവാരം കെ.എം.എം.എൽ.-ന്റെ ഉല്പന്നങ്ങൾക്കുണ്ട്.

(സി) റൂട്ടൈലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നിരന്തരമായി ഗവേഷണങ്ങളും അതുപ്രകാരം പുതിയ യന്ത്രസാമഗ്രികളും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) കെ.എം.എം.എൽ.-ന്റെ ഗവേഷണ വിഭാഗം ശക്തിപ്പെടുത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിൽപ്പന

12 [466] ശ്രീ. സി. പി. മുഹമ്മദ്:
" എഴുകോൺ നാരായണൻ:
" എ. പി. അനിൽകുമാർ:
" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ട്; ഇതിലെ ഷെഡ്ഡുകൾ ബന്ധപ്പെട്ട വ്യവസായികൾക്ക് വിലയ്ക്ക് നൽകാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ അവയുടെ വില നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇതുവരെ എത്ര ഷെഡ്ഡുകൾ വ്യവസായികൾക്ക് വിലയ്ക്കു നൽകി;

(ഡി) ഈ ഷെഡ്ഡുകൾ വിലയ്ക്കു വാങ്ങിയ വ്യവസായികളും ബന്ധപ്പെട്ട വകുപ്പും തമ്മിൽ അവയുടെ വിലയുടെ കാര്യത്തിൽ തർക്കം നിലവിലുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ 17 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ട്. അവ സിഡ്കോയുടെ കീഴിൽ വരുന്നതാണ്. ഇതിലെ ബന്ധപ്പെട്ട ഷെഡ്ഡുകൾ ബന്ധപ്പെട്ട വ്യവസായികൾക്ക് വിലയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാർ വില നിശ്ചയിച്ച് നൽകിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഷെഡ്ഡുകൾ വില നിശ്ചയിച്ച് നൽകുന്നത്. ഷെഡ്ഡിന്റെ വില നിർണ്ണയിക്കുന്നത് ലാന്റിന്റെ ഡവലപ്മെന്റ് കോസ്റ്റും ബിൽറ്റ് അപ് ഏരിയായുടെ

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റും കൂടി ചേർത്താണ്. ഷെഡ്ഡിന്റെ ബായ്ക്ക് സൈഡിൽ അഡീഷണൽ ലാന്റ് ഉണ്ടെങ്കിൽ അതു നൽകുന്നത് അപ്പോഴപ്പോൾ തഹസിൽദാർ നിശ്ചയിക്കുന്ന ലാന്റ് വാല്യൂവേഷൻ കണക്കാക്കിയാണ്. ഇപ്പോൾ മിക്കവാറും എല്ലാ ജില്ലകളിലും ഷെഡ്ഡിന്റെ വില സ്ക്വയർഫീറ്റിന് 125/150 രൂപ എന്ന റേറ്റിലാണ് നൽകി വരുന്നത്.

(സി) ഇതുവരെ 228 ഷെഡ്ഡുകൾ വ്യവസായികൾക്ക് വിലയ്ക്ക് നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) 1996-ന് ശേഷം നൽകിയ ഷെഡ്ഡുകളുടെ കാര്യത്തിൽ തർക്കം ഉണ്ടായിട്ടില്ല. പക്ഷേ 1975-ൽ തന്നെ 17 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം സിഡ്കോയ്ക്ക് ഗവൺമെന്റ് നൽകിയെങ്കിലും അക്വിസിഷൻ വില നിശ്ചയിക്കാത്തതിനാൽ താൽക്കാലിക വിലയായ 1.54 കോടിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക അലോട്ട്മെന്റ് ഉത്തരവുകളാണ് വ്യവസായികൾക്ക് നൽകി വന്നത്. 1994-ൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അന്തിമ വിലയായ 3.42 കോടി രൂപ സർക്കാർ അംഗീകരിച്ച് ഉത്തരവ് ഇറക്കിയതിന്റെ വ്യവസ്ഥയിൽ അന്തിമ വില കണക്കാക്കി താൽക്കാലികമായിട്ട് ഉത്തരവ് നൽകി ബാക്കി തുക ഒടുക്കി അന്തിമ അലോട്ട്മെന്റ് ഓർഡർ വാങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ വ്യവസായികൾ പല സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ചതിനാൽ സർക്കാർ അവ പരിശോധിക്കുവാനായി ഒരു ഏകാംഗ കമ്മീഷനെ നിയമിക്കുകയും കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ 27-1-2003 തീയതിയിൽ ഉത്തരവ് ഇറക്കുകയും ചെയ്തു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് വ്യവസായികളെ അറിയിച്ചുവെങ്കിലും ഈ വിഷയം സംബന്ധിച്ച തർക്കങ്ങൾ അവസാനിച്ചിട്ടില്ല. പ്രശ്നപരിഹാരത്തിനായി ചർച്ചകൾ നടന്നുവരുന്നു.

ഗ്രാമവ്യവസായങ്ങളുടെ പുനരുദ്ധാരണം

13 [467] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പുനരുജ്ജീവിപ്പിച്ച് ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) നിർജ്ജീവാവസ്ഥയിലുള്ള ഗ്രാമ വ്യവസായങ്ങളെ പുനരുദ്ധരിക്കുവാൻ സഹായധനവും പലിശരഹിത വായ്പയും നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) കാർഷിക മേഖലയിലെപ്പോലെ ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട്; അത് കൂടുതൽ പ്രയോജനകരമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly